**File No.: GE-DA2/47/2025-G.EDN**

**"ഭരണഭാഷ-**

**മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്-ശ്രീ ശിവദാസൻ ആർ, റിട്ട. പ്രിൻസിപ്പൽ, ഗവ.എച്ച്.എസ്.എസ്, ചാലിശ്ശേരി, പാലക്കാട്- സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.**4706/2025/GEDN** തീയതി,തിരുവനന്തപുരം, **17/07/2025**

---

പരാമർശം:- **1. 31/05/2017** ലെ സ.ഉ(സാധാ) നം **1672/2017**/പൊവിവ

**2. 28/04/2023** ലെ സ.ഉ(സാധാ) നം **2657/2023**/പൊവിവ

**3. 07/01/2025** ലെ സ.ഉ(സാധാ) നം **181/2025**/പൊവിവ

**4. 03/04/2025** ലെ **HSE/568/2025-AD D1** നം കത്ത്

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ മുതലമട ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിലെ പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ആർ.ശിവദാസൻ **24/10/2016**ൽ സ്കൂളിൽ മദ്യപിച്ച് ബഹളമുണ്ടാക്കുകയും ടിയാനെതിരെ പോലീസ് കേസെടുക്കുകയും ചെയ്ത സാഹചര്യത്തിൽ ടിയാനെ അച്ചടക്കനടപടിയുടെ ഭാഗമായി പരാമർശം **(1)** പ്രകാരം സർവീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. തുടർന്ന് ടിയാനെതിരെ സർക്കാർ തലത്തിൽ അച്ചടക്കനടപടി ആരംഭിക്കുകയുണ്ടായി. ഇതിനിടയിൽ ടിയാൻ **30/04/2023**ൽ സർവീസിൽ നിന്നും വിരമിക്കുന്ന സാഹചര്യം പരിഗണിച്ച് ടിയാനെ പരാമർശം **(2)** പ്രകാരം സർവീസിൽ പുനഃപ്രവേശിപ്പിച്ചിരുന്നു. കെ.എസ്.ആർ ഭാഗം **3** ചട്ടം **3(a)** പ്രകാരം

ടിയാന്റെ പ്രതിമാസപെൻഷനിൽ നിന്നും ₹3000 (മൂവായിരം രൂപ മാത്രം) സ്ഥിരമായി കുറവ് ചെയ്തു കൊണ്ടുള്ള ശിക്ഷ നല്കി ടിയാനെതിരെയുള്ള അച്ചടക്കനടപടി പരാമർശം (3) പ്രകാരം തീർപ്പാക്കിയിരുന്നു.

2. ശ്രീ. ആർ.ശിവദാസന്റെ 31/05/2017 മുതൽ 28/04/2023 വരെയുള്ള സസ്പെൻഷൻ കാലയളവ് KSR Part I Rule 56 (5) പ്രകാരം ഡ്യൂട്ടി ആയി (For the limited purpose of Pension) കണക്കാക്കി, ടി കാലയളവിലെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും KSR Part I Rule 55 പ്രകാരം സസ്പെൻഷൻ കാലയളവിൽ ടിയാൻ കൈപ്പറ്റിയിട്ടുള്ള ഉപജീവന ബത്തയിൽ നിജപ്പെടുത്തുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം(4) പ്രകാരം ശുപാർശ ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ആർ. ശിവദാസന്റെ 31-05-2017 മുതൽ 27-04-2023 വരെയുള്ള സസ്പെൻഷൻ കാലയളവിലെ ശമ്പളവും ബത്തകളും ടിയാൻ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവന ബത്തയിൽ നിജപ്പെടുത്തി പെൻഷന് മാത്രം ഡ്യൂട്ടിയായും, 28-04-2023 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേള KSRs Part I Rule-56B(9)Note-2 പ്രകാരം പ്രവേശന കാലമായോ അർഹമായതും അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**ANITHA RAJ V**

**അണ്ടർ സെക്രട്ടറി**

1.പൊതു വിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കൻ്ററി വിഭാഗം, തിരുവനന്തപുരം.

2.ശ്രീ ആർ ശിവദാസൻ, റിട്ട പ്രിൻസിപ്പൽ (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

3. ധനകാര്യ വകുപ്പ് (27.06.2025 ലെ U.O(R) നം E:3150955/EDN-B1/196/2025-FIN പ്രകാരം)

4.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം.

5.അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

6.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

7.വെബ് (കൈറ്റ്സ്/ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
Date: 17-07-2025 14:33:07
സെക്ഷൻ ഓഫീസർ

പകർപ്പ്

1. ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്